(സി & ഡി) കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II തസ്തിക, പാർട്ട്ടൈം സ്വീപ്പർമാരുടെ പ്രമോഷൻ തസ്തികയാണ്. ആരോഗ്യവകുപ്പിലും ഇതര വകുപ്പുകളിലും പ്രമോഷനുവേണ്ടിയുള്ള പി.റ്റി.എസ്.-മാരുടെ ലിസ്റ്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആശുപത്രികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി താൽക്കാലികാടിസ്ഥാനത്തിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II-മാരെ നിയമിക്കാറുണ്ട്. ഈ സാഹചര്യത്തിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II ഉൾപ്പെടെയുള്ള നിയമനം പി.എസ്.സി.-ക്ക് വിടാൻ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം സാധ്യമല്ല.

(ഇ) ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അറ്റൻഡർമാരെ സ്ഥിരപ്പെടുത്താൻ നിലവിലുള്ള ചട്ടപ്രകാരം നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

ഉള്ളിയേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിച്ച തസ്തികകൾ

112 [933] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിച്ച തസ്തികകൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്രപേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)

	തസ്തിക	*അനുവദിച്ചത്*
1.	സിവിൽ സർജൻ	1
2.	അസിസ്റ്റന്റ് സർജൻ	2
3.	സ്റ്റാഫ് നഴ്സ്	3
4.	ഫാർമസിസ്റ്റ്	1
5.	നഴ്സിംഗ് അസിസ്റ്റന്റ്	1
6.	ലാബ് ടെക്നീഷ്യൻ	1
7.	ഒഫ്താൽമിക് അസിസ്റ്റന്റ്	1
8.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2	1
9.	പാർട്ട്ടൈം സ്വീപ്പർ	1
10.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1	1
11.	ഹെൽത്ത് ഇൻസ്പെക്ടർ	2

LIBRARY ARCHIVES Kerala Legislative Assembly

	തസ്തിക	അനുവദിച്ചത്
12.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-ഒന്ന്	1
13.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-രണ്ട്	2
14.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1
15.	ജൂനിയർ പി.എച്ച്.എൻ.	7
16.	എൽ.ഡി.സി./യു.ഡി.സി.	1
17.	ഡ്രൈവർ	1
18.	പ്യൂൺ	1

(ബി) താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

1.	സിവിൽ സർജൻ	1
2.	ജൂനിയർ എച്ച്.ഐ. ഗ്രേഡ്-2	1
3.	ജൂനിയർ പി.എച്ച്.എൻ	1

(സി) 16 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്.

പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം

113 [935] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനുവേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ നിർമ്മിച്ച കെട്ടിടത്തിൽ എത്ര കിടക്കകൾക്ക് സൗകര്യം ഉണ്ടെന്നും മറ്റു സൗകര്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(സി) കെട്ടിടം എപ്പോൾ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമായ സ്റ്റാഫിന്റെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ ഈ സ്ഥാപനത്തിൽ നിലവിലുള്ള സ്റ്റാഫിന്റെ എണ്ണം എത്രയാണെന്നറിയിക്കാമോ;

(എഫ്) പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പശ്ചാത്തല സൗകര്യം പരിഗണിച്ച് സർക്കാർ ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ;

(ജി) ഇപ്പോഴുള്ള സൗകര്യങ്ങൾ ജനങ്ങൾക്ക് ഉപയോഗിക്കത്തക്ക നിലയിൽ ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly